# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 2766

17-10-2016 -ൽ മറുപടിക്ക്

### ഇൻലാൻഡ് നാവിഗേഷനു കീഴിലെ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. മുകേഷ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| കൊല്ലം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷനു കീഴിൽ നടന്നു വരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | ഉൾനാടൻ ജലഗതാഗതത്തിന്റെ കീഴിൽ കൊല്ലം മണ്ഡലത്തിൽ ജലപാതാവികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു: |

ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെ കൊല്ലം തോടിന്റെ വികസനം (ചെ. 66.32 കി.മീ. മുതൽ 74.18 കി.മീ. വരെ) 950 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ ടി പ്രവൃത്തി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് 42 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. പണി പുരോഗതിയിലാണ്.

ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1) കൊല്ലം കല്ലുപാലത്തിന്റെ പുനർനിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി

നൽകുകയും ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തിയാക്കി രൂപരേഖയ്ക്കുവേണ്ടി യുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2) തൃക്കരുവ ഗ്രാമ പഞ്ചായത്തിലെ വാർഡ് നം. 18 -ൽ പാറശ്ശേരി കായൽവാരത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപയുടെ ഭരണാ നുമതി നൽകുകയും ടെണ്ടർ നടപടികൾ നടത്തി തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ